കുണ്ടറയിൽ ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവ്

1181 [2145] ശ്രീ. തോപ്പിൽ രവി: താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ വാട്ടർ സപ്ലൈ സ്കീമിന്റെ ഭാഗമായി കുണ്ടറയിൽ ഒപ്പാതു ജനാരോഗ്യവകുപ്പിന്റെ ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവ് നിർമ്മിക്കാൻ ജല-മലിനജല അതോറിറ്റി ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

ഇല്ല.

ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിലെ മണ്ണൊലിപ്പ്

1182 [2147] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) യമഹ എഞ്ചിൻ ഘടിപ്പിച്ച നാടൻ വള്ളങ്ങൾ കൂടെക്കൂടെ സഞ്ചരിക്കുന്നതുമൂലം ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിന്റെ രണ്ടു കരകളിലും വല്ലാത്ത മണ്ണൊലിപ്പ് അനുഭവപ്പെടുന്നു എന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കനാലിന്റെ രണ്ടു കരകളിലും റീട്ടെയിനിംഗ് വാൾ കെട്ടാൻ നിശ്ചയിച്ചിട്ട് എത്ര വർഷങ്ങളായി എന്നു വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള പ്രസ്തുത ജോലി ഇതുവരെ ആരംഭിക്കാതിരിക്കാൻ കാരണമെന്താണ്;

(ഡി) പ്രസ്തുത തോടിന്റെ ഇരുകരകളിലും റീട്ടെയിനിംഗ് വാൾ പണിയാൻ ഉടനടി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റീട്ടെയിനിംഗ് വാൾ കെട്ടുന്നതിലേക്കായി വിശദമായ അന്വേഷണം നടത്തുവാൻ നിശ്ചയിച്ചത് ഈ സാമ്പത്തിക വർഷത്തിലാണ്.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലമാണ്. ബഡ്ജറ്റിൽ 100 രൂപ മാത്രമേ വക കൊള്ളിച്ചിട്ടുള്ളു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചു പണി ഏറ്റെടുത്തു നടത്തുന്നതാണ്.

നെയ്യാർ ഡാമിൽ മഴക്കാലത്ത് വന്നടിയുന്ന മണ്ണ്

1183 [2148] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിൽ ഓരോ മഴക്കാലത്തും വന്നടിയുന്നത് എത്ര ക്യൂബിക് മീറ്റർ മണ്ണാണ്;

LIBRARY ARCHIVES Kerala Legislative Assembly